# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുദാക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വിഎം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുദാക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/റ്റി.വിഎം. തീയ്യതി: 16/10/2023

## തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-08-2023 | 17-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിന്ദു.ഒ, ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ശ്രീജിത്ത്.എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അഖിൽ രാജ്.ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ചന്ദ്രബാബു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.കെ.പി. അനില കുമാരി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അൽക്ക.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-09-2022 |
| ശ്രീമതി.മേരി ജെസ്സി ഡിക്രൂസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 29-09-2022 | 31-03-2023 |
| ശ്രീമതി.ജാസ്മി.വൈ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. വസുന്ധരാദേവി.എൽ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. വിഷ്ണു.എസ്. രാജ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രഭുലാൽ.ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ശ്യാമപ്രസാദ്.എസ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 16-02-2023 |
| ശ്രീമതി.നജീമ.എം | അസിസ്റ്റന്റ് സെക്രട്ടറി | 17-02-2023 | 31-03-2023 |
| ഡോ.പ്രദീപ് കുമാർ | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.അമൃത.വി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ബിസ്മി.എസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 16-03-2023 |
| ഡോ.അഖിൽ ഷൈൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 17-03-2023 | 31-03-2023 |
| ഡോ. വിനിത.എൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ.സുബിൻ സുകുമാരൻ | വി.ഇ.ഒ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകളുടെ കളക്ഷൻ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. | 1-1-2 |
| 4 | വായ്പ തിരിച്ചടവ് ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സബ്ട്രഷറിയിൽ നിലവിലുള്ള അക്കൌണ്ടിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-4 |
| 6 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-1-5 |
| 7 | സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല | 1-1-6 |
| 8 | ജില്ലാ പഞ്ചായത്ത് വിഹിതം- വരവ്,ചെലവ്,നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | കെ എസ് ഇ ബി- നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | MGNREGS ഭരണചെലവ്, ക്യാഷ്ബുക്ക്- വാർഷിക ധനകാര്യപത്രിക ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-1-11 |
| 13 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് യഥാസമയം രേഖപ്പെടുത്തുന്നില്ല. | 1-1-12 |
| 14 | Stale Cheque സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | ഗ്രാന്റ് വിനിയോഗം - അപാകതകൾ | 1-4-1 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ക്ഷേമ പദ്ധതികൾ | 1-6 |
| 22 | സാമൂഹ്യ സുരക്ഷാ പെ**ൻഷൻ** -മരണപ്പെട്ടവരുടെ വിശദാംശം ലഭ്യമല്ല | 1-6-1 |
| 23 | ക്യാഷ് പരിശോധന | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |

| | | |
|---|---|---|
| 25 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 26 | MGNREGS പദ്ധതി യിൽ ഉൾപ്പടുത്തിയ അംഗൻവാടി കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-9-1 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | തൊഴിൽ നികുതി ഈടാക്കൽ-സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-11 |
| 29 | വളർത്തു നായകളുടെ ലൈസൻസ് | 1-12 |
| 30 | ലേലം കുടിശ്ശിക -തുടർ നടപടികൾ സ്വീകരിക്കണം. | 1-13 |
| 31 | നികുതി വരുമാനം- അവലോകനം | 1-14 |
| 32 | വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല | 1-15 |
| 33 | വാതിൽപ്പടി സേവനം - പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടില്ല. | 1-16 |
| 34 | മെഡിക്കൽ ഓഫീസർ -FHC നടപ്പിലാക്കിയ പദ്ധതി- മരുന്നുകൾ ലഭിച്ചിട്ടില്ല-587130/- രൂപ തടസ്സം ചെയ്യുന്നു. | 1-17 |
| 35 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-18 |
| 36 | ഹരിത ഭവനം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു. | 1-19 |
| 37 | ഞങ്ങളും കൃഷിയിലേക്ക് - ഫലവൃക്ഷതൈ വിതരണം - ഗ്രാഫ്റ്റ് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 38 | മുറ്റത്തൊരു മീൻതോട്ടം- മോണിറ്ററിംഗ് നിർവ്വഹിക്കുന്നില്ല | 1-21 |
| 39 | കന്നുകുട്ടി പരിപാലന പദ്ധതി - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-22 |
| 40 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ- അനുവദനീയമായതിലും ഉയർന്ന തുകക്ക് വാങ്ങൽ നടത്തുകയും, നടപടിക്രമങ്ങൾ പാലിക്കുകയും ചെയ്തില്ല- 1,88,635 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-23 |
| 41 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-24 |
| 42 | അംഗൻവാടി പ്രവർത്തന അവലേകനം | 1-25 |
| 43 | പെൺ അടയാളം-പ്രോജക്റ്റിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 44 | സ്കോളർഷിപ്പ് തുക പൂർണ്ണമായും വിതരണം ചെയ്തില്ല- ഭാവിയിൽ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. | 1-27 |
| 45 | അങ്കണവാടികൾ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങളിൽ പ്രവർത്തനമൊരുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-28 |
| 46 | വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ പ്രോജക്റ്റുകളായി രൂപാന്തരപ്പെടുന്നില്ല. | 1-29 |
| 47 | ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല- ചെലവു തുകയായ | 1-30 |

| | | |
|---|---|---|
| | 49,58,000/- രൂപ തടസപ്പെടുത്തുന്നു. | |
| 48 | വാഹന കരാറുകാരന് അനുകൂലമായി ടെൻഡർ വ്യവസ്ഥകളിൽ മാറ്റം വരുത്തി- ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | 1-31 |
| 49 | മരാമത്ത് പ്രവൃത്തിയിൽ ഉയർന്ന നിരക്ക് നൽകിയത് മൂലം അധിക ചെലവുണ്ടായി- ഭാവിയിൽ പ്രവൃത്തികൾക്ക് ശരിയായ സ്പെസിഫിക്കേഷൻ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-32 |
| 50 | റോഡ് കോൺക്രീറ്റിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി-ഭാവിയിൽ അപാകത ഒഴിവാക്കേണ്ടതാണ് | 1-33 |
| 51 | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു. | 1-34 |
| 52 | ആശ്വാസ് - ഡയാലിസിസ് പ്രോജക്ട് - മാർഗ്ഗനിർദ്ദേശത്തിന് വിഭിന്നമായി പ്രോജക്ട് നിർവ്വഹിച്ചു | 1-35 |
| 53 | തദ്ദേശഭരണ സ്ഥാപനതല കായിക വികസനം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു-27545/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.07.2023 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുദാക്കൽ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുദാക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകളുടെ കളക്ഷൻ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

Indian Overseas Bank (അക്കൗണ്ട് നം - 78001000008798) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ "Cheque Deposited But Not Collected" ആയി 105473/-രൂപയും SBI Attingal (അക്കൗണ്ട് നം - 37274615113) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ "Cheque Deposited But Not Collected" ആയി 4434/-രൂപയും രേഖപ്പെടുത്തിയിരിക്കുന്നു. ഇവയിൽ ഇതുവരെ ക്യാഷ് ആയ ചെക്കുകളുടെ വിവരവും ക്യാഷ് ആകാത്ത ചെക്കുകളെ സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല.

### 1-1-3 വായ്പ തിരിച്ചടവ് ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ലൈഫ് ലോൺ മുന്നിരിപ്പ് 15259719/ രൂപ തൻവർഷം വായ്പാ ഇനത്തിൽ വരവില്ല.തൻവർഷം തിരിച്ചടവ് 1609748/-

രൂപ, ഇപ്രകാരം കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് തുക 13649971/- രൂപയാണ് വരേണ്ടത്. എന്നാൽ 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക B5ഷെഡ്യൂളിൽ ബാലൻസ് തുക 13951386/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. 301415/- രൂപയുടെ വ്യത്യാസം വിശദമാക്കിയിട്ടില്ല.

### 1-1-4 സബ്ട്രഷറിയിൽ നിലവിലുള്ള അക്കൌണ്ടിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

Receipt & Payment ഷെഡ്യൂളിൽ RP 40(b) ൽ Sub Treasury (79901290000319) അക്കൌണ്ടിൽ 153700/- രൂപ ബാലൻസ് കാണുന്നു. അക്കൌണ്ട് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-1-5 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

2021-22 സാമ്പത്തിക വർഷം ക്രമീകരിക്കാതെ അവശേഷിച്ച അഡ്വാൻസ് തുകകൾ 2022-23 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 460500201 | Deposit With Kerala Water Authority | 8748977 |
| 460500204 | Deposit With Kerala Ground Water Department | 130558 |
| 460500501 | Advance To Implimenting Officers | 1155771 |
| 460500201 | Deposit With KSEB | 2991739 |

### 1-1-6 സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 ജില്ലാ പഞ്ചായത്ത് വിഹിതം- വരവ്,ചെലവ്,നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

ജില്ലാ പഞ്ചായത്ത് വിഹിതം മുന്നിരിപ്പ് 1392521/- രൂപയും തൻവർഷ വരവ് 753750/- രൂപയും ചെലവ് 938750/-രൂപയും ആകുന്നു. അപ്രകാരം കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് 1207521/- രൂപയാണ് വരേണ്ടത്. എന്നാൽ ബാലൻസ്ഷീറ്റ് B4 ഷെഡ്യൂളിൽ ബാലൻസ് 1392521/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-8 കെ എസ് ഇ ബി- നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല.

KSEB യിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ 2991739/-രൂപ അവശേഷിക്കുന്നു. തൻവർഷം 984120/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിനും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആകെ 3975859/- രൂപ KSEB യിൽ അവശേഷിക്കുന്നു. ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ 2991739/- രൂപയാണ് ഡെപ്പോസിറ്റ് തുകയിൽ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-9 MGNREGS ഭരണചെലവ്, ക്യാഷ്ബുക്ക്- വാർഷിക ധനകാര്യപത്രിക ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

MGNREGS ക്യാഷ്ബുക്കിൽ ഭരണചെലവ് 2034461/- രൂപയും വാർഷിക ധനകാര്യപത്രികയിൽ ഭരണചെലവ് 2035403/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 942/- രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-10 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം ലഭ്യമാക്കിയില്ല.

B-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റുകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം, അവ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ സ്വീകരിച്ച നടപടിയുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

### 1-1-11 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ അപാകതകൾ

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Net Cash Generated By Operating+ Investing+financing Activity (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-12 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് യഥാസമയം രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് , ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അതാത് ശീർഷകത്തിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തി കാണുന്നില്ല.

### 1-1-13 Stale Cheque സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനം ഇഷ്യൂ ചെയ്ത ചെക്കുകളിൽ 3 മാസം കഴിഞ്ഞിട്ടും ക്യാഷ് ആകാത്ത ചെക്കുകൾ Stale Cheque വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും B-9 ഷെഡ്യൂളിൽ 350800101 ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള Liability In Respect Of Stale Cheque ൽ ഉൾപ്പെട്ടിട്ടുള്ള 156078/- രൂപയുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 3(12)തീയതി 16.03.22-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തീരുമാനപ്രകാരം അംഗീകരിച്ച പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 1,41,83,609 |
| വരവ് | 32,24,90,000 |
| ആകെ | 33,66,73,609 |
| ചെലവ് | 30,74,40,500 |
| നീക്കിയിരിപ്പ് | 2,92,33,109 |

വാർഷികപദ്ധതി ഭേദഗതികളുടേയും ഭാഗമായി വരവുചെലവുകണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 10-3-23-ലെ 3(4) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 1,41,83,609 |
| വരവ് | 32,10,90,000 |
| ആകെ | 33,52,73,609 |
| ചെലവ് | 30,02,60,000 |
| നീക്കിയിരിപ്പ് | 3,50.13,609 |

1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16 /എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പാലിച്ചിട്ടുണ്ട്.

### 1-2-1 ബജറ്റ് - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികമുമായിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശം

ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് |
|---|---|---|
| Fees &User Charge | 1495000 | 794349 |
| Sale & Hire Charge | 1510000 | 116997 |
| Rental Income From Panchayath Properties | 285000 | 120210 |

വരവ് ചെലവ് തുകകളെ ശാസ്ത്രീയമായ രീതിയിൽ വിലയിരുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40597517 |
| വരവ് | 46290718 |
| ആകെ | 86888235 |
| ചെലവ് | 46669823 |
| നീക്കിയിരിപ്പ് | 40218412 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18877168 | 18877168 | 19596842 | -719674 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 16160084 | 16160084 | 14521438 | 1638646 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 9501356 | 9501356 | 595090 | 8906266 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4697226 | 4697226 | 4325308 | 371918 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 21662000 | 21662000 | 13410052 | 8251948 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 8506000 | 8506000 | 6884501 | 1621499 |

| | | | | | |
|---|---|---|---|---|---|
| CSS | 0 | 0 | 0 | 1753234 | -1753234 |
| Sss | 0 | 0 | 0 | 400000 | -400000 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകതകൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങളും ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ടുകളുടെ ചെലവിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവ പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം (I6 + Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 19596842 | 16552809 | 19596842 |
| വികസന ഫണ്ട് ( എസ്.സി.പി) | 14521438 | 14217023 | 14521438 |
| വികസന ഫണ്ട് ( CFC Tied) | 595090 | 595090 | 393400 |
| വികസന ഫണ്ട് ( CFC Untied) | 4325308 | 4325308 | 4338232 |

ചെലവ് സ്റ്റേറ്റ്മെന്റ്, ACR,AFS എന്നിവ പരിശോധിച്ച ശേഷം മറുപടി നല്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 23/14.8.23ന്റെ മറുപടി)

2)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ ( മറ്റുള്ളവ ഒഴികെ) | ചെലവ് ( മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 7436040 | 6135751 | 82.51 |
| | പട്ടിക ജാതി | -- | - | - |
| സേവനം | പൊതുവിഭാഗം | 57872256 | 29109240 | 50 |
| | പട്ടിക ജാതി | 16985364 | 12173222 | 71.66 |
| പശ്ചാത്തലം | പൊതുവിഭാഗം | 38242293 | 22687892 | 59.32 |
| | പട്ടിക ജാതി | 7479450 | 3867696 | 51.71 |

പൊതുവിഭാഗം സേവന മേഖലയിൽ ചെലവ് 61.58% ഉം പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ 59.32 % ഉം പട്ടികജാതി വിഭാഗം പശ്ചാത്തല മേഖലയിൽ 51.71 % മാണ് ചെലവ് നടന്നിട്ടുള്ളത്.

പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാത്തതിനുള്ള കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് (നമ്പർ 23/14.8.23) മറുപടിയായി പദ്ധതി വിഹിതം ലഭിക്കാനുണ്ടായ താമസം കാരണം ബില്ലുകൾ March 31 ന മുൻപ് പെയ്മെന്റ് ആകാതെ പോയി എന്ന് അറിയിച്ചിട്ടുണ്ട്.

3)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700202 | മുനിസിപ്പാലിറ്റി | 4200000 |
| 2 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 3083208 |
| 3 | 320700205 | ജില്ലാ പഞ്ചായത്ത് | 1392521 |

അവശേഷിക്കുന്ന തുകകൾ തിരികെ അതാത് സ്ഥാപനങ്ങളിൽ ഒടുക്കി അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നമ്പർ 23/14.8.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ

കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ എല്ലാ വിഭാഗങ്ങളിലും വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക ( മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക ( മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3146500 | 1999033 | 63.53 |
| കുട്ടികൾ | 1048981 | 938828 | 89.49 |
| വൃദ്ധർ | 1805265 | 1570864 | 87 |
| ഭിന്നശേഷിയുള്ളവർ | 725000 | 709240 | 97.82 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 238784 | 238784 | 100 |
| പാലിയേറ്റീവ് കെയർ രോഗികൾ | 1500000 | 1500000 | 100 |

പദ്ധതികൾ സ്പിൽ ഓവറാക്കി 100% ചെലവഴിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്. എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 23/14.8.23 ന്റെ മറുപടി)

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

വരും വർഷങ്ങളിൽ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തി പദ്ധതികൾ തയ്യാറാക്കുന്നതാണെന്ന് അറിയിച്ചു

6) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെടിക് ഉപകരണങ്ങൾ , അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി തുക വകയിരുത്തിയെങ്കിലും ചെലവഴിച്ചിട്ടില്ല. (S0131/23).

പദ്ധതി സ്പിൽഓവറായി നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|


| | | | |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 21934501 | 19596842 | 2337659 |
| വികസനഫണ്ട് എസ്.സി.പി | 16464499 | 14521438 | 1943061 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 8506000 | 6884501 | 1621499 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 21662000 | 13410052 | 8251948 |
| ആകെ | 68567000 | 54412833 | 14154167 |

ആകെ ലഭ്യമാകുന്ന തുക , ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 0 | 1697750 | 1605160 | 94.5 |
| വെറ്റിനറി സർജൻ | 5 | 5 | 0 | 2295000 | 1746510 | 76.10 |
| മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി | 11 | 10 | 1 | 6542498 | 5600829 | 85.6 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 3 | 3 | 0 | 275000 | 239431 | 87.06 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 0 | 1100000 | 1011980 | 91.99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 13 | 4 | 25932701 | 10976690 | 42.32 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 13 | 0 | 10004599 | 8356559 | 83.52 |
| സെക്രട്ടറി | 48 | 41 | 7 | 14786682 | 13027365 | 88.10 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 48 | 30 | 45375448 | 24031024 | 52.96 |
| ഹെഡ് മാസ്റ്റർ | 4 | 4 | 0 | 925000 | 899471 | 97.24 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 3508290 | 2833857 | 80.77 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 11 | 4 | 4681435 | 3480925 | 74.35 |
| ഫിഷറീസ് ഓഫീസർ | 1 | 1 | 0 | 40000 | 40000 | 100 |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 26018588 | 19596842 | 75.3 |
| എസ്.സി.പി. | 19593914 | 14521438 | 74.11 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 10396507 | 4920398 | 47.32 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3250000 | 1753234 | 53.94 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 710000 | 400000 | 56.33 |
| തനത് ഫണ്ട് | 13986818 | 9868189 | 70.55 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 3277250 | 1323317 | 40.37 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 3197250 | 938750 | 29.36 |
| മെയിന്റനൻസ്  റോഡ് | 26138583 | 13410052 | 51.30 |
| മെയിന്റനൻസ്  റോഡിതരം | 10195760 | 6884501 | 67.52 |
| മറ്റുള്ളവ | 23016230 | 1625100 | 7.06 |
| ആകെ | 140180633 | 75474901 | 53.84 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 208 | 162 | 46 | 117164403 | 73849801 | 63.03 |

ഡി.  ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച്, ഭരണസമിതിയുടെ 2/4/07.01.2022-ാം നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

പുനഃസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 02/07.08.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല.

ഇ.  വർക്കിംഗ് ഗ്രൂപ്പ്

ഭരണസമിതി തീരുമാനം 2(5)/07.01.2022 പ്രകാരം, ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെല്ലാം തന്നെ തൻവർഷം മൂന്ന് യോഗങ്ങൾ വീതമാണ് കൂടിയിട്ടുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ്

യോഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്റ്റ് രൂപീകരിച്ച് കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർക്കിംഗ് ഗ്രൂപ്പ് | യോഗം - തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 24.05.22 | മുട്ടക്കോഴി വിതരണം (24.05.22, 25.06.22)<br>പോത്തുവളർത്തൽ പ്രോത്സാഹിപ്പിക്കുക<br>ആട്ടുവളർത്തൽ<br>മൂല്യവർദ്ധിത ഉല്പന്നങ്ങൾ കുടുംബശ്രീ വഴി ഉല്പാദിപ്പിച്ച് വിതരണം<br>കറവ പശുവിന് ധാതുലവണ മിശ്രിതം (24.05.22, 25.06.22) |
| 2 | കുടിവെള്ളം ശുചിത്വം | 25.06.22 | വ്യക്തിഗത പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ടോയ്‌ നിർമ്മാണം/ മെയിന്റനൻസ്<br>(സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ടോയ്ലെറ്റ് സൗകര്യം ഇല്ലാത്ത വീടുകൾ ഉള്ള പഞ്ചായത്ത്) |
| 3 | ക്ഷേമകാര്യം | 15.03.22 | വിവിധ വാർഡുകളിൽ കുടിവെള്ള പ്രശ്നം രൂക്ഷം (സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കുടിവെള്ള ക്ഷാമം അതീവഗുരുതരത്തിൽ ഉൾപ്പെടുന്നു.) |
| 4 | കൃഷി മറ്റ് അനുബന്ധ മേഖലകൾ | 25.06.22 | കീടനിയന്ത്രണത്തിന് കെണി<br>സങ്കരഇനം തെങ്ങിൻതൈകളുടെ വിതരണം |

എഫ്. സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഭരണ സമിതിയുടെ 1(3)/15.03..2023-ാം നമ്പർ തീരുമാനപ്രകാരം അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കനുസൃതമായി പ്രോജക്റ്റ് രൂപീകരിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി 31/16.08.23)

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | കൃഷി | അതീവ ഗുരുതരം | ജലദൌർലഭ്യം |
| Ii | മൃഗസംരക്ഷണവും ക്ഷീരവികസനവും | ഗുരുതരം | രോഗങ്ങൾ മൂലമുള്ള നഷ്ടങ്ങൾ |
| Iii | ദാരിദ്ര്യ ലഘൂകരണം | ഗുരുതരം | ചെറുകിടസംരംഭങ്ങളുടെ അപര്യാപ്തത |
| Iv | സാമൂഹ്യനീതി | അതീവ ഗുരുതരം | ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനം ഇല്ല |
| V | കുടിവെള്ളം ശുചിത്വം | അതീവ ഗുരുതരം | കുടിവെള്ള ദൗർലഭ്യം |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 31/16.08.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി. ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്റ്റ് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്റ്റ് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

എച്ച്. വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടിയിരുന്നെങ്കിലും വായ്പകളൊന്നും ലഭ്യമായില്ലായെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.2/07.08.23-നുള്ള മറുപടി)

ഐ. തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.2/07.08.23-നുള്ള മറുപടി)

ജെ. കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ, തൻവർഷം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.2/07.08.23-നുള്ള മറുപടി)

കെ. നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.2/07.08.23-നുള്ള മറുപടി)

എൽ. CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.2/07.08.23-നുള്ള മറുപടി)

എം. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ – ബാലൻസ് അവശേഷിക്കുന്നു.

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100152 | Other Schemes | 71183 |
| 320100181 | Total Saniitation Campaign | 310000 |
| 320200399 | Grants Funds Contributions For Specific Purposes-other Than Development Fund And State Sponsord Scheme Funds | 300000 |
| 320300103 | Grants Funds Contributions For Specific Purposes-other Than Govt Agencies-total Sanitation. | 3796042 |
| 320700202 | Contributions For Joint Venture Projects( For Capital Expenditure) -From Municipalities | 4200000 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) -From District Panchayath | 1392521 |
| 320700404 | Contributions For Joint Venture Projects (For Revenue Expenditure) -From Block Panchayath | 6000000 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) -From Block Panchayath | |

എൻ. ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 218901/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4468800 | 398 |
| വിധവ പെൻഷൻ | 22843800 | 2100 |
| വാർദ്ധക്യകാലപെൻഷൻ | 4293100 | 3905 |
| വികലാംഗപെൻഷൻ | 5862200 | 530 |
| അവിവാഹിതരായ 50 വയസിന് സ്ത്രീകൾക്കുള്ള പെൻഷൻ | 605200 | 56 |

## 1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ -മരണപ്പെട്ടവരുടെ വിശദാംശം ലഭ്യമല്ല

സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ പഞ്ചായത്തിൽ രേഖാമൂലം അറിയിക്കുന്നവയും, മരണ രജിസ്ട്രേഷൻ അപേക്ഷകൾ ലഭിക്കുന്നതിൽ ആധാർ പെൻഷൻ ഐഡി എന്നിവ ഹാജരാക്കിയിട്ടുള്ളവയും യഥാസമയം സസ്പെൻഡ് ചെയ്തിട്ടുണ്ട്. എന്നാൽ മരണ രജിസ്ട്രേഷനുകളിൽ ആധാർ കാർഡ്

നമ്പർ പെൻഷൻ ഐഡി എന്നിവ രേഖപ്പെടുത്താത്ത സന്ദർഭങ്ങളിൽ സസ്പെൻഡ് ചെയ്യാൻ സാധിക്കുന്നില്ല . അക്ഷയ കേന്ദ്രം വഴി ലഭിക്കുന്ന മരണ രജിസ്ട്രേഷനുകളിൽ മിക്കതിലും ആധാർ നമ്പറോ പെൻഷൻ ഐഡിയോ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയിൽ(അന്വേഷണ കുറിപ്പ് നം 16, തിയതി 10-8-23) മരണ രജിസ്ട്രേഷന് ആധാർ നിർബന്ധമല്ലാത്തതിനാലാണ് ഇത്തരം പെൻഷൻ സസ്പെൻഡ് ചെയ്യാൻ പഞ്ചായത്ത് തലത്തിൽ സാധിക്കാത്തത് എന്നാണ് മറുപടി ലഭ്യമാക്കി. ഈ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതിന് IKM നോട് ആവശ്യപ്പെടേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2023, 10.20 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32433/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1. രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി കാലികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വായ്പാ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

2. അംഗൻവാടികെട്ടിടങ്ങൾ ഫിറ്റ്നെസ്സ് ഇല്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

3. വിവിധ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ പത്രിക ലഭ്യമാക്കേണ്ടതും ബാലൻസ് തുക തിരികെ ഈടാക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതുമാണ്.

4. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിഷയങ്ങളുടേയും സ്ഥിതി വിവര കണക്കുകളുടേയും കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

5. ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭ്യമാക്കുന്ന മറുപടിയുടെ കൃത്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

6. നികുതി വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടില്ല.

7. വിവിധ തരത്തിലുള്ള വാങ്ങലുകൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായ സ്പെസിഫിക്കേഷൻ സഹിതം ക്വട്ടേഷൻ/ടെണ്ടർ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8. പദ്ധതി വിഹിത വിനിയോഗം വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകേണ്ടതുണ്ട്.

## 1-9 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ (ക്യാഷ് ബുക്ക് പ്രകാരം) | 849230 | 1185231 | 2034461 | 2034461 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 56857000 | 56857000 | 56857000 | 0 |
| ആകെ | 849230 | 58042231 | 58891461 | 58891461 | 0 |

MNREGS ക്യാഷ് ബുക്കിൽ ഭരണച്ചെലവ് 2034461/- രൂപയും വാർഷിക ധനകാര്യ പത്രികയിൽ 2035403/- രൂപയുമാണ്. 942/- രൂപയുടെ വ്യത്യാസം കാണുന്നു.

### 1-9-1 MGNREGS പദ്ധതി യിൽ ഉൾപ്പെടുത്തിയ അംഗൻവാടി കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല.

MGNREGS, 2019-20 ലെ അഡിഷണൽ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തി കട്ടയിൽകോണം വാർഡിൽ (19) , പാറയിൽ അംഗൻവാടി നിർമ്മാണം ഉൾപ്പെടുത്തിയിരുന്നു. 1217931/- യ്ക്കാണ് പദ്ധതിയ്ക്ക് ടെക്നിക്കൽ അനുമതി ലഭിച്ചിട്ടുള്ളത്.ഇതിൽ MGNREGS ഫണ്ട് 500000/-, ICDS 200000/-, Block Share 517000/- എന്നിങ്ങനെയാണ് ഫണ്ട് വകയിരുത്തിയിരുന്നത്. 2022-23 വർഷം Secure സോഫ്റ്റ് വെയറിൽ സ്പിൽഓവറായി പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിട്ടുണ്ട്.എന്നാൽ നാളിതുവരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ല.പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ, സ ഉ

(കൈ) നം 84/22/ത സ്വ ഭ വ തീയതി 19.4.22 ഖണ്ഡിക 8.8.2(2)ൽ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുവാൻ വേണ്ടി MGNREGS, സാമൂഹ്യനീതി വകുപ്പ് എന്നിവയുമായി സഹകരിച്ച് പദ്ധതി ഏറ്റെടുക്കാവുന്നതാണ് എന്ന് നിഷ്കർഷിക്കുന്നു.

ഇപ്രകാരം പ്രാധാന്യമുള്ള പദ്ധതികൾ നടപ്പിലാക്കാത്തതിനുള്ള കാരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22/ 11.8.23) മറുപടിയായി 23-1-2016 ലെ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ( നം.12-19646/15 Rdis) ഉത്തരവ് പ്രകാരം ഇടക്കോട് വില്ലേജിൽ ബ്ലോക്ക് നം 43 ൽ ഉൾപ്പെട്ട റീസർവേ 53/2 ൽ ശ്രീ രവീന്ദ്രൻ /സുധ,സുരഭി നിവാസ് ,കൊച്ചു പരുത്തി , ഊരുപൊയ്ക എന്നിവരുടെ ഉടമസ്ഥതയിലുള്ള മൂന്ന് സെൻറ് സ്ഥലം അംഗൻവാടി നിർമ്മാണത്തിനായി വിട്ടുതന്നിരുന്നുവെന്നും എന്നാൽ നാളിതുവരെ ടി വസ്തു പോക്കുവരവ് ചെയ്യുകയോ വസ്തു അളന്നു തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നും അന്വേഷണത്തിൽ ഇപ്പോഴും ടി വസ്തു രവീന്ദ്രൻ സുധ എന്നിവരുടെ പേരിലാണ് എന്നും അറിയിച്ചു. ഈ വസ്തു പോക്ക് വരവ് ചെയ്തു പഞ്ചായത്തിന്റെ ഉടമസ്ഥതയിലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ഈ വസ്തുവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുകയുള്ളൂ എന്നും ടി വസ്തു അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിലേക്കായി വില്ലേജ് ഓഫീസ് മുഖേന താലൂക്ക് ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് പരിഹരിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

മേൽ നടപടിക്രമങ്ങൾ പാലിച്ച് വസ്തു അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി അംഗൻവാടി നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.05.2022 | 06/2021 മുതൽ 03/2022വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.05.2018 | 2013-14 മുതൽ 2017-18 വരെ | 28.06.2018 |

## 1-11 തൊഴിൽ നികുതി ഈടാക്കൽ-സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

തൊഴിൽ നികുതി പരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

1. 1996 -ലെ കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 4 പ്രകാരം സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ KSEB ൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

2. G.O(P).196/2016/LBR, 21.12.2016 പ്രകാരം മിനിമം വേജസ് സർക്കാർ നിശ്ചയിക്കുകയും, ആയതിൻ പ്രകാരം വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് നിശ്ചിത വരുമാനം സർക്കാർ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. (ഉദാ. റേഷൻ ഷോപ്പ്, വിവിധ ക്ഷീരോൽപാദക സംഘങ്ങൾ).

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- , തീയതി : 9.8.2023) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് എന്ന് വിശദീകരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വളർത്തു നായകളുടെ ലൈസൻസ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ 1916 വളർത്തുനായകളുള്ളതായും 500 എണ്ണത്തിന് ലൈസൻസ് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, 184 നായകൾക്ക് ലൈസൻസ് നൽകിയതിന്റെ വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ(അന്വേഷണ കുറിപ്പ് നം 17 തിയതി 10-8-23) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ സംഭവിച്ച ക്ലറിക്കൽ പിശക് കാരണമാണ് ഈ വ്യത്യാസം വന്നത് എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ നായകളെ വളർത്തുന്നവരുടെ വിവരം കണ്ടെത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ലേലം കുടിശ്ശിക -തുടർ നടപടികൾ സ്വീകരിക്കണം.

2022-23 സാമ്പത്തിക വർഷത്തിൽ ഊരുപൊയ്ക പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിന്റെ ലേലത്തിൽ അനീഷ് കുമാർ, കാഞ്ഞിരംവിളവീട്, ഊരുപൊയ്ക എന്നയാൾക്ക് 102600/- രൂപയ്ക്ക് 16.3.2022 ലെ 7(5) ഭരണസമിതി തീരുമാന പ്രകാരം ലേലം ഉറപ്പിച്ച് നൽകുകയുണ്ടായി. ടിയാൻ ജി.എസ്.ടി ഉൾപ്പെടെ രണ്ടു ഗഡുക്കളായി 65356/-രൂപ(രസീത് നം. 1210106535/19.3.2022 & 1220205437/31.03.2023)പ്രകാരം അടവാക്കിയിട്ടുണ്ട്.47214 രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്. ലേല വ്യവസ്ഥകൾ പ്രകാരം ലേലത്തുക തവണകളായി അനുവദിക്കണമെങ്കിൽ ലേല തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ലേലത്തുകയ്ക്ക് തവണ അനുവദിക്കുകയാണെങ്കിൽ അഡ്വാൻസ് കഴിച്ച് ആദ്യ ഗഡു 30.6.2022 നം രണ്ടാം 30.9.2022 നം മൂന്നാം ഗഡു 31.12.2022 നം മുൻപായി ഒടുക്കേണ്ടതാണ്. ലേല വ്യവസ്ഥകൾക്ക് അനുസൃതമായി സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല. രണ്ടാമത്തെ ഗഡുവായ 25,000 രൂപ 31.3.2023നാണ് അടവാക്കിയിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 24 തിയതി 14-8-23) കുടിശ്ശിക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ(RRC Details-2023/5604/01) ആരംഭിച്ചു എന്നുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്. തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 നികുതി വരുമാനം- അവലോകനം

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ തനത് വരുമാന സ്രോതസെന്ന നിലയിൽ പരസ്യങ്ങൾ നികുതി ചുമത്തുന്നത് സംബന്ധിച്ച കമ്മിറ്റിയിൽ അഭിപ്രായം ഉണ്ടായെങ്കിലും തീരുമാനം ഉണ്ടായിട്ടില്ല.കമ്മിറ്റി അംഗീകാരം ലഭ്യമാകാത്തതിനാൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഫീൽഡ് വിസിറ്റ്, നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ എന്നിവയിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.

3. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 05.05.2023 ലെ 4-ാം നമ്പർ തീരുമാനപ്രകാരം 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. 11.7.2023 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി വസ്തു നികുതി പരിഷ്കരണം അന്തിമമായി അംഗീകരിച്ചു ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. പഴയകെട്ടിടങ്ങൾക്ക് 5% വർദ്ധന നടപ്പിലാക്കിയിട്ടുണ്ട്.

4. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നുണ്ട്.23.8.2022 ലെ തീരുമാനം 5 പ്രകാരം പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി ഉൾപ്പെടുത്തേണ്ട എല്ലാ വീടുകളിൽ നിന്നും കരം പിരിച്ചെടുക്കാനുള്ള പ്രവർത്തനങ്ങളുടെ ഒരു സംവിധാനം രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് കമ്മിറ്റി നിരീക്ഷിക്കുകയും പ്രസ്തുത വിഷയം ജനറൽ കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.7.10.2023 ലെ തീരുമാനം 2 പ്രകാരം 2022-23 ലെ വസ്തു നികുതി പിരിവ് പൂർത്തിയാക്കുന്നതിനായ് ഡിമാന്റ് നോട്ടീസ് വിതരണം കുടുംബശ്രീയെ ഏൽപ്പിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്ത് തീരുമാനിച്ചിട്ടുണ്ട്.

വസ്തു നികുതി

1.) ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ തമ്മിൽ വ്യത്യാസം കാണുന്നു.

ബജറ്റ് - 40,00,000

ഐ.എൽ.ജി.എം.എസ് - 39,57,902

സഞ്ചയ - 41,31,673

E-payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ഐ.എൽ.ജി.എം.എസ് - വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ.
3) അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. സഞ്ചയയിലെ അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകി നികുതി ഈടാക്കുന്നുണ്ട്.

4) 01.04.2023 ലെ പുതുക്കിയ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ നിരക്കുകൾ 20.07.2023 ലെ 2(7)-ാംനമ്പർ തീരുമാനപ്രകാരം കമ്മിറ്റിയിൽ അംഗീകരിച്ച് അന്തിമ വിജ്ഞാപനം അംഗീകരിച്ചിട്ടുണ്ട്. സഞ്ചയയിൽ സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തി പുതുക്കിയ നികുതി നിരക്ക് അപ്ഡേറ്റ്

ചെയ്തിട്ടില്ല. പഴയകെട്ടിടങ്ങൾക്ക് 5% വർദ്ധന നടപ്പിലാക്കി നികുതി പിരിച്ചെടുക്കുന്നുണ്ട്.
5)റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ട്

6) തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ (3 മൊബൈൽ ടവർ )മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കുന്നുണ്ട്.
7)പഞ്ചായത്തിൽ നിലവിൽ സേവനഉപനികുതി ചുമത്തുന്നില്ല. പുതിയ സേവന നികുതി മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.

8) ILGMSൽ ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്യുന്നുണ്ട്.കൂടാതെ എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തുന്നുണ്ട്.

തൊഴിൽ നികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അഭിഭാഷകർ, ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല.
3. തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത് എന്നത് വ്യക്തമല്ല. തൊഴിലുടമ നല്കുന്ന നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നുണ്ട്.

## 1-15 വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ 2023 മാർച്ച് മാസത്തിൽ സീരിയൽ നമ്പർ 22200850 മുതൽ 22200857 വരെയുള്ള വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിവരങ്ങൾ ബിൽ ബുക്കിലും ലഭ്യമല്ല. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3 തിയതി 8-8-23) 22200850 മുതൽ 22200857 വരെയുള്ള വൗച്ചർ നമ്പറുകൾ ILGMS ൽ നിന്ന് ലഭ്യമായിട്ടില്ല എന്നുള്ള മറുപടിയാണ് ലഭിച്ചിരിക്കുന്നത് . സാങ്കേതികമായി വന്നിട്ടുള്ള ഈ പിശക് പരിഹരിക്കുന്നതിന് IKM നോട് ആവശ്യപ്പെടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.. പ്രസ്തുത പിഴവുകൾ പരിഹരിച്ച് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-16 വാതിൽപ്പടി സേവനം - പ്രോജക്റ്റ് നിർവ്വഹണം നടത്തിയിട്ടില്ല.

പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ.6.9(7) പ്രകാരം പ്രായാധിക്യം, ഗുരുതരരോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രോജക്റ്റ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം, 2022-23 സാമ്പത്തിക വർഷം 131/23 നമ്പരായി 50,000/- രൂപ അടങ്കൽ വകയിരുത്തി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് രൂപീകരിച്ചുവെങ്കിലും 2022-23 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ല. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/14.05.2023-ന് ലഭ്യമാക്കിയ മറുപടിയിൽ, പ്രസ്തുത പ്രോജക്റ്റ് 2022-23 സാമ്പത്തിക വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അനിവാര്യ പ്രോജക്റ്റിൽ ഉൾപ്പെടുന്ന പദ്ധതികൾ അതത് വർഷം നടപ്പിൽ വരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 1-17 മെഡിക്കൽ ഓഫീസർ -FHC നടപ്പിലാക്കിയ പദ്ധതി- മരുന്നുകൾ ലഭിച്ചിട്ടില്ല-587130/- രൂപ തടസ്സം ചെയ്യുന്നു.

മെഡിക്കൽ ഓഫീസർ -FHC നടപ്പിലാക്കിയ പദ്ധതികളിൽ മരുന്നുകൾ പൂർണമായും ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO 21/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | FHCയിലേക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 15,00,000<br>(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 1500000 |
| ബിൽ നമ്പർ | 26/22.06.22 , 559048/-<br>29/29.06.22 , 111750/-<br>163/11.11.22 , 829202/- |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 1500000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ നമ്പർ163/11.11.22, പ്രകാരം KMSCL ന് 829202/-രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കൈമാറിയിട്ടുണ്ട്. ഇതിൽ 563169/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 266033/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 205/23 |
| പ്രോജക്ടിന്റെ പേര് | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൌകര്യങ്ങൾ |
| അടങ്കൽ | 264733<br>(ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 233080 |

മേൽ പദ്ധതി പ്രകാരം ഫർണിച്ചറും ലാബ് റീഏജന്റ്സും FHC സബ്സെന്ററുകളിലേക്ക് വാങ്ങുന്നതിനായി 233080/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ലാബ് റീഏജന്റ്സ് വാങ്ങുന്നതിനായി 147080/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ KMSCL ന് ലാബ് റീഏജന്റ്സിനായി 82281/-രൂപ കൈമാറിയതിൽ 79781/- രൂപയുടെ റീഏജന്റ്സ് ലഭിച്ചിട്ടുണ്ട്. 2500/- രൂപയുടെ റീഏജന്റ്സ് ലഭിച്ചിട്ടില്ല. (മറ്റ് സ്ഥാപനങ്ങൾക്ക് IHDB, Supplyco Medical Store എന്നിവയ്ക്ക് നൽകിയ 64779/- രൂപയുടെ Reagents ലഭിച്ചിട്ടുണ്ട്. )

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 230/23 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങളായ കിടപ്പു രോഗികൾക്ക് സാന്ത്വന പരിചരണം |
| അടങ്കൽ | 317765<br>(വികസനഫണ്ട് - ജനറൽ) |
| ചെലവ് | 317765 |
| ബിൽ നമ്പർ | 442/15.03.23 , 117118/-<br>444/ 15.03.23 , 56496/-<br>445/ 15.03.23 , 107008/-<br>446/ 15.03.23 , 37143/ |

മേൽ പദ്ധതി പ്രകാരം വയോജനങ്ങളായ കിടപ്പു രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി 317765/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ KMSCL ന് കൈമാറിയ 224126/-രൂപയിൽ 118609 /- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 105517/- രൂപയുടെ മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ല.

4)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 23/23 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 1500000<br>(വികസനഫണ്ട് - ജനറൽ) |
| ചെലവ് | 1500000 |
| ബിൽ നമ്പർ | 25/22.6.22 , 553485/-<br>168/ 18.11.22 , 521616/- |

പാലിയേറ്റീവ് പരിചരണം പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിനായി 1204049/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ KMSCL ന് കൈമാറിയ ബിൽ നമ്പർ

25/22.6.22 , 553485/-,168/ 18.11.22 , 521616/- എന്നിവ പ്രകാരം 1075101/- രൂപയിൽ 861421 /- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. 213680/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല.

മേൽ പദ്ധതികളിൽ മരുന്നുകൾ , റീഏജന്റ്സ് ഇവ ലഭ്യമാകാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10, തീയതി : 19.10.2022) മറുപടിയായി മരുന്നുകൾ, റീഏജന്റ്സ് എന്നിവ ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ 587730/- രൂപയുടെ (266033+2500+105517+213680) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-18 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ പദ്ധതിയിൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 173/22 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്നും പാക്കിംഗ് മെറ്റീരിയലും വാങ്ങൽ |
| അടങ്കൽ | 150,000<br>(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 150000/- |
| ബിൽ നമ്പർ | 133/27.10.22 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന് 150000/- രൂപ കൈമാറിയിട്ടുണ്ട്. ഹോംകോ ഇതുവരെ 76474/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. 73526/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/9.8.23) മരുന്നുകൾ ലഭ്യമാക്കാൻ ഹോംകോയ്ക്ക് അറിയിപ്പ് നല്കിയിട്ടുണ്ട് എന്നും ലഭ്യമായാലുടൻ

ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്നതു വരെ 73526/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 ഹരിത ഭവനം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു.

പ്രോജക്ട് നമ്പർ – 104 ഹരിത ഭവനം
നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

| | വികസന ഫണ്ട് | ജില്ലാ പഞ്ചായത്ത് വിഹിതം | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|
| അടങ്കൽ | 70,000 | 70,000 | 89450 | 229450 |
| ചെലവ് | 56,000 | 56,000 | 71560 | 183560 |

മുദാക്കൽ ഗ്രാമ പഞ്ചായത്തിലെ അർഹരായ കർഷകരെ ഹരിതഭവനം പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ -24 /14.08.2023)

1. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം, മേൽ പദ്ധതിയിൽ ഉൾപ്പെട്ട, കോഴിയുംകൂടും വിതരണം, കിണർ റീചാർജ്ജിംഗ് എന്നീ പ്രവൃത്തികൾ സർക്കാർ/ ഓട്ടോണമസ് ബോഡികൾ മുഖേന നിർവ്വഹിക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പ്രോജക്ട് ഫയലിലെ രേഖകൾ പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് മേൽ പ്രവൃത്തി നിർവ്വഹിച്ചതിനെ തുടർന്ന് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുകയാണുണ്ടായത്. പ്രോജക്ട് രൂപീകരിച്ചതിൽ നിന്ന് വ്യത്യസ്തമായി പ്രോജക്ട് നിർവ്വഹണം നടത്തേണ്ടിവരുന്ന സാഹചര്യത്തിൽ, ആവശ്യമുള്ള പക്ഷം പ്രോജക്ട് റിവൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022) പ്രകാരം, ടെറസിന്റെ സ്ഥിതിക്കനുസൃതമായാണ് കിണർ റീചാർജ്ജിംഗിന് തുക അനുവദിക്കാൻ അനുവാദം നൽകിയിട്ടുള്ളത്. എല്ലാ ഗുണഭോക്താക്കൾക്കും ഒരേ രീതിയിലെ ഒരേ തുകയുടെ (അടങ്കൽ തുകയായ 13,000 രൂപയുടെ) എസ്റ്റിമേറ്റാണ് തയ്യാർ ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ഖ2.9 പ്രകാരം നിർമ്മാണ പ്രവൃത്തി, ഓവർസിയർ മൂല്യനിർണ്ണയം നടത്തി നൽകേണ്ടതുണ്ട്. പകരം 8 ഗുണഭോക്താക്കളുടെയും പേര് രേഖപ്പെടുത്തി 13,000/- രൂപയുടെ പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ടെന്നുള്ള എ.ഇ.-യുടെ സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

3. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പകരം കൃഷി ഓഫീസർ തയ്യാർ ചെയ്ത വിനിയോഗ റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രോജക്ട് പൂർത്തീകരണ വേളയിൽ പദ്ധതിമാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാർ ചെയ്യേണ്ടതും 14-ാം പദ്ധതി മാർഗ്ഗരേഖ ഖ.14-ൽ നിർദ്ദേശിക്കുന്ന പ്രകാരം മോണിറ്ററിംഗ് കമ്മിറ്റിരൂപീകരിച്ച് യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാർചെയ്യേണ്ടതുണ്ട്. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തുടർ വർഷങ്ങളിലെ പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഞങ്ങളും കൃഷിയിലേക്ക് - ഫലവൃക്ഷതൈ വിതരണം - ഗ്രാഫ്റ്റ് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് ഞങ്ങളും കൃഷിയിലേക്ക് - ഫലവൃക്ഷതൈ വിതരണം - ഗ്രാഫ്റ്റ്

അടങ്കൽ : വി.ഫ. 93750 ഗു.വി. 31250 ആകെ 125000

ചെലവ് 93750 31250 125000

ഗ്രാമസഭ വഴി തെരഞ്ഞെടുത്ത കുറഞ്ഞത് 2 സെന്റ് സ്ഥലം എങ്കിലും സ്വന്തമായി കൃഷി ഭൂമിയുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 250 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റിൽ 500/-രൂപയുടെ ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റ് തൈ നൽകുന്നതിനായി രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്തൃ വിഹിതം ഈടാക്കിയ രസീത് ബുക്ക് നം. 1720-ൽ രസീത് നമ്പർ 31 മുതലുള്ള രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തെ (ഓഡിറ്റ് എൻക്വയറി നമ്പർ 15/11.08.23) തുടർ വർഷങ്ങളിൽ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

2) Agro Industries Corporation-ന്റെ ഇൻവോയ്സ് നം.X-586/22-23 തീയതി. 22-10-22 ( Order No. MDL 02/2022-23 20 Oct 22) പ്രകാരം 250 യൂണിറ്റ് Rambuttan, Jack , Sapotta Graft തൈകൾ 1,25,000/- രൂപയ്ക്ക് വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണം ചെയ്ത തൈകളുടെ ഇനം (ഉദാ. Rambuttan – N-18, Jack – Vietnam Early) രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. (തൈകളുടെ വില, വിതരണം ചെയ്ത തൈകളുടെ ഗുണമേന്മ എന്നിവ ഉറപ്പ് വരുത്തുന്നതിന് ഇനം രേഖപ്പെടുത്തുന്നത് അവശ്യമാണ്.). ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 15/11.08.23) മറുപടിയായി തുടർ വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിഷയത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

3) 250 കർഷകർക്കായി രൂപീകരിച്ച പ്രോജക്ടിൽ 86 കർഷകർക്കായാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്.ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 15/11.08.23) ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് അറിയിപ്പ് നൽകിയിട്ടും ഹാജരാകാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് കൂട്ടി നൽകുകയായിരുന്നുവെന്ന് വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കൃഷി പ്രധാന ഉപജീവനമാർഗ്ഗമായ പഞ്ചായത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് പരിശോധനാ വിധേയമാക്കി, തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4)പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖ.14 പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ച് , പ്രോജക്ട് നിർവ്വഹണം മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് സമിതി റിപ്പോർട്ട് തയ്യാർ ചെയ്തിട്ടില്ല. പകരം കൃഷി ഓഫീസർ തയ്യാറാക്കിയ വിനിയോഗ റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളത്. 14-ാം പദ്ധതി മാർഗ്ഗരേഖ ഖ14-ൽ നിർദ്ദേശിക്കുന്ന പ്രകാരം മോണിറ്ററിംഗ് കമ്മിറ്റിരൂപീകരിച്ച് യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാർചെയ്യേണ്ടതുണ്ട്. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തുടർ വർഷങ്ങളിലെ പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മുറ്റത്തൊരു മീൻതോട്ടം- മോണിറ്ററിംഗ് നിർവ്വഹിക്കുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മുറ്റത്തൊരു മീൻതോട്ടം |
| പ്രോജക്ട് നമ്പർ | S0211/23 |
| അടങ്കൽ തുക | 40000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 40000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നമ്പർ | 277/12.7.23 |

മുറ്റത്തൊരു മീൻ തോട്ടം പദ്ധതിയുടെ അവലോകനത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു. പദ്ധതി മാർഗരേഖ സ.ഉ.(കൈ) നം.84/2022/LSGD തീയതി 19/4/2022 ഖണ്ഡിക 14(1) പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ കൃഷി ഓഫീസർ, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റൻറ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ടിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ കൃത്യമായ മോണിറ്ററിംഗ് നടന്നിട്ടുണ്ടോ എന്നുള്ളത് വ്യക്തമല്ല . പദ്ധതി നിർവ്വഹണത്തിന്റെ പൂർത്തീകരണവും ലക്ഷ്യപ്രാപ്തിയും ഉറപ്പാക്കുന്നതിന് മോണിറ്ററിംഗ് സമിതിയും വർക്കിംഗ് ഗ്രൂപ്പും (കൃഷി അനുബന്ധ മേഖല) പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-22 കന്നുകുട്ടി പരിപാലന പദ്ധതി - തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

പ്രോജ.നം. 103/23 പ്രത്യേക കന്നുകുട്ടി പരിപാലനം
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

| | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| വികസന ഫണ്ട് | 15,00,000 | 10,37,500 | 287/19.01.23 |
| വകുപ്പ് മുഖേന | 15,00,000 | | |

മുദാക്കൽ ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകരുടെ നാലുമുതൽ ആറുമാസം പ്രായമുള്ള, മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള, കന്നുക്കുട്ടികളെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട്. പദ്ധതിയുടെ ആകെ ചെലവിന്റെ 50% വികസനഫണ്ട്, 50% വകുപ്പ് മുഖേനയും പദ്ധതി പ്രകാരമുള്ള ചെലവ് തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ പേർക്ക് കൈമാറുന്നു. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, 2019-20 വർഷം മുതൽ അടവാക്കിയ തുകയിൽ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം എന്നിവ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/ 08.08.23)-ന് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | SLBPയ്ക്കായി കൈമാറിയ തുക | ചെലവഴിച്ച തുക | SLBP യിൽ അവശേഷിക്കുന്ന തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2019-20 | 1250000 | 1083531 | 166469 | പൂർത്തീകരിച്ച 31.05.22 |
| 2 | 2020-21 | 6,25,000 | 554360.5 | 70639.5 | പൂർത്തീകരിച്ച 12.9.22 |
| 3 | 2021-22 | 1250000 | 1100514.5 | 149485.5 | തുടർന്നുകൊണ്ടിരിക്കുന്നു |
| 4 | 2022-23 | 1037500 | 1037500 | 749716 | തുടർന്നുകൊണ്ടിരിക്കുന്നു |

മുൻ വർഷങ്ങളിലുൾപ്പെടെ പൂർത്തീകരിച്ച പദ്ധതികളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതും മറ്റുള്ള പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ- അനുവദനീയമായതിലും ഉയർന്ന തുകക്ക് വാങ്ങൽ നടത്തുകയും, നടപടിക്രമങ്ങൾ പാലിക്കുകയും ചെയ്തില്ല- 1,88,635 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ടായ 56/22-23, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ എന്ന പ്രോജക്ടിൽ ചുവടെ പറയുന്ന അപാകത കാണുന്നു.

| | |
|---|---|
| പ്രോജക്ട് പേര്, നം | 56/22-23, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഫണ്ട് | എസ്.സി.പി ഫണ്ട് |
| അടങ്കൽ | 600000 |
| ചെലവ് | 566860 |
| ബിൽ നം | 14/26.5.2022, 5,66,860/- |

പ്രോജക്ടിൽ സ.ഉ(കൈ) നം.22/2018/തസ്വഭവ, 14.2.2018 പ്രകാരമുള്ള പതിമൂന്നാം സബ്സിഡി മാർഗരേഖ പ്രകാരമുള്ള നിബന്ധനകളാണ് ബാധകമായിട്ടുള്ളത്. ഉബുണ്ടു അധിഷ്ഠിതമായ 14 ലാപ്പ്ടോപ്പുകൾ (Acer Aspire ) IT Professionals Co

Operative Society,Trivandrum എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം.IT/22-23L36, 12.5.2022 പ്രകാരം വാങ്ങിയിട്ടുണ്ട്.ഇവക്ക് ഓരോന്നിനും നികുതി ഒഴികെ 34,313/- രൂപയാണ് നിരക്ക് വരുന്നത്. എന്നാൽ സർക്കുലാർ ഡിഎ1/363/2019/LSGD, 20.1.2020, GO(Rt) No.482/2022/LSGD, 28.2.2022 പ്രകാരം Ubundu ലാപ്പ്ടോപ്പിന് 22895/-രൂപയും Windows ലാപ്പ്ടോപ്പിന് 27722/-രൂപയുമാണ് വില നിശ്ചയിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ഉയർന്ന തുകക്ക് ലാപ്പ്ടോപ്പ് വാങ്ങുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിനും, ടി സ്ഥാപനത്തെ തിരഞ്ഞെടുത്ത മാനദണ്ഡവും ബിഡിൽ പങ്കെടുത്ത മറ്റ സ്ഥാപനങ്ങളുടെ വിവരങ്ങളും ,തിരഞ്ഞെടുത്ത് സ്ഥാപനവുമായി നെഗോസ്യേഷൻ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറികൾ (ഓഡിറ്റ് എൻക്വയറി നം.19,തീയതി.11.8.2023, ഓഡിറ്റ് എൻക്വയറി നം.34, തീയതി 16.8.2023) നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറി നം.19 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്റ്റ് കാലയളവിൽ ലാപ്പ്ടോപ്പ് വിതരണക്കാരുമായുള്ള കരാർ കാലാവധി അവസാനിച്ചതിനാൽ CPRCS ൽ സർക്കാർ നിശ്ചയിച്ച വിലയിൽ ലാപ്പ്ടോപ്പ് ലഭ്യമായിരുന്നില്ലായെന്നും പുതുക്കിയ വില നിശ്ചയിച്ച് തരാൻ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ 10.2.2022 ലെ കോ-ഓഡിനേഷൻ കമ്മിറ്റിയുടെ പരിഗണനക്ക് നൽകിയിരുന്ന സ്പെസിഫിക്കേഷൻ പ്രകാരം GEM പോർട്ടലിൽ നിന്നും വാങ്ങുന്നതിന് തുടർന്ന് നടന്ന കോ-ഓഡിനേഷൻ കമ്മിറ്റി നിർദേശം നൽകിയിരുന്നുവെന്നും, തുടർന്നു വന്ന നിർദേശത്തിന്റെയും, SC ഫണ്ട് ലാപ്സാവാതിരിക്കുന്നതിനായും ലാപ്പ്ടോപ്പ് വാങ്ങുകയായിരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുള്ള കോ-ഓഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പിൽ ഐ.റ്റി മിഷൻ വില നിശ്ചയിച്ച തരാൻ വൈകുന്ന സാഹചര്യത്തിൽ GEM പോർട്ടലിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകുന്നതായി പറയുന്നുണ്ട്. എന്നാൽ 10.2.2022 ലെ കോ-ഓഡിനേഷൻ കമ്മിറ്റിക്കു പിന്നാലെ 28.2.2022 തീയതിയിൽ GO(Rt) No.482/2022/LSGD ഉത്തരവ് പ്രകാരം ലാപ്പ്ടോപ്പുകൾക്ക് വില നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനാൽ തന്നെ ടി ഉത്തരവ് പ്രകാരമുള്ള വിലക്കു മാത്രമെ ലാപ്പ്ടോപ്പ് വാങ്ങൽ നടത്താൻ സാധിക്കുകയുള്ളൂ. ടി ഉത്തരവ് പ്രകാരം Ubundu ലാപ്പ്ടോപ്പിന് 22895/-രൂപയും Windows ലാപ്പ്ടോപ്പിന് 27722/-രൂപയുമാണ് വില നിശ്ചയിച്ചിട്ടുള്ളത്. IT Professionals Co Operative Society,Trivandrum എന്ന സ്ഥാപനത്തിൽ നിന്നുള്ള ഇൻവോയിസ് നം.IT/22-23L36, 12.5.2022 പ്രകാരമാണ് ലാപ്പ്ടോപ്പുകൾ ലഭ്യമാക്കിയിട്ടുള്ളതും , ആയത് വിതരണം നടത്തിയിട്ടുള്ളതും, അതിനു ശേഷമാണ് ടി സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുള്ളതും. അതായത് മേൽ പരാമർശിച്ച ഉത്തരവിനു ശേഷമാണ് പർച്ചേസ് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാണ്. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നതിന് സാധിക്കുന്നതല്ല. ഓഡിറ്റ് എൻക്വയറി നം.34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അനുവദിച്ച തുക

(14 Nos, X 34313.56) = 480389.84

GST (18 %) CGST = 43235.09

SGST = 43235.09

5,66,860

അനുവദിക്കാവുന്ന തുക

(14 Nos, X 22895) = 320530

GST (18 %) CGST = 28847.7

SGST = 28847.7

3,78,225

അധികം നൽകിയ തുക = 1,88,635 (5,66,860-3,78,225)

ഓഡിറ്റ് എൻക്വയറി നം.34 മുഖാന്തിരം ആവശ്യപ്പെട്ട വിവരങ്ങളും ,കൂടുതൽ വിശദീകരണം ഈ വിഷയത്തിൻമേൽ നൽകാനുണ്ടെങ്കിൽ ആയതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.അതു വരെ ഈ ഇനത്തിൽ അധികം നൽകിയ തുകയായ 1,88,635 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. വ്യക്തമായ മറുപടി ലഭ്യമാക്കാത്ത പക്ഷം ടി തുക നിരാകരണമായി മാറുന്നതാണ്.

## 1-24 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു.

അസറ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12/10.08.23 ന് മറുപടി ലഭിച്ചിട്ടില്ല.

1) 20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം,

2)ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം,

3)മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്നതിന്റെ വിശദാംശം.

4) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കൈയൊഴിയുന്നതിന് സ്വീകരിച്ച നടപടികൾ.

5) ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ,വാർഷിക റിവ്യൂ എന്നിവ നടത്തിയതിന്റെ വിവരങ്ങൾ.

ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 അംഗൻവാടി പ്രവർത്തന അവലേകനം

| ക്രമ നമ്പർ | | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 11 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 11 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 5 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 8 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 40 |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 1 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 3 |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - |
| 9 | മൂന്ന് മുറിയെങ്കിലും ഇല്ലാത്തവ | 3 |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 40 |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 35 |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | - |
| 13 | വൈദ്യുതി ഇല്ലാത്തവ | - |
| 14 | Baby Weighing Machine/ Salter Scale/ Platform Weighing Scale | - |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 40 |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 40 |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്ന് കിറ്റ് എന്നിവ ഇല്ലാത്തവ | 40 |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | - |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | - |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - |

| | | |
|---|---|---|
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | 40 |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | - |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | - |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | - |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 40 |

സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നെടുംപറമ്പ് അംഗൻവാടി നം. 37-ൽ കുട്ടികൾക്ക് കുടിവെള്ളത്തിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായും, ടോയിലറ്റ് സംവിധാനം ശോചനീയമാണെന്നും, അംഗനവാടി നം.58-ൽ കെട്ടിടത്തിന്റെ സമീപത്ത് നിൽക്കുന്ന ഒന്നിലധികം മരങ്ങൾ കെട്ടിടത്തിനും കുട്ടികൾക്കും ഭീഷണിയാണെന്നും അറിയിക്കുകയുണ്ടായി. ആയത് 14.8.2023 ൽ ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിലും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മേൽ പറഞ്ഞ വിഷയങ്ങളിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 പെൺ അടയാളം-പ്രോജക്റ്റിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

തദ്ദേശ സ്ഥാപനങ്ങളെ ലിംഗ പദവി സൌഹൃദമാക്കുന്നതിനും സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും മനസിലാക്കുന്നതിനും വേണ്ടി രൂപീകരിച്ച പ്രോജക്റ്റാണിത്. വിശദ വിരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് പേര്, നം | 149/22-23, സ്ത്രീ പദവി പഠനം-പെൺ അടയാളം |
| നിർവ്വഹണോദ്യോഗസ്ഥ | ICDS Supervisor |
| ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | 47500 |
| ചെലവ് | 13960 |
| ബിൽ നം | 350/7.2.0223, 13960/- |

ടി പ്രോജക്റ്റിൽ വിവരശേഖരണത്തിനായി അശ്വതി, ഷീജ എന്നിവർക്ക് 5000/- രൂപ വീതം നൽകിയിട്ടുണ്ട്. വിവരശേഖരണം സംബന്ധിച്ച വിവരങ്ങൾ പ്രോജക്റ്റിൽ നടപ്പിലാക്കിയ മറ്റ് പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം-13 , തീയതി : 10.8.2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ടി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും 2023-24 വർഷത്തിൽ ടി പ്രോജക്റ്റ് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ തടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-27 സ്കോളർഷിപ്പ് തുക പൂർണ്ണമായും വിതരണം ചെയ്തില്ല- ഭാവിയിൽ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഈ പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്.വിശദ വിവരങ്ങൾ ചുവടെ പറയുന്നു.

| | |
|---|---|
| പ്രോജക്റ്റ് പേര്, നം | 73/22-23, സ്നേഹ സ്പർശം-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ICDS Supervisor |
| അടങ്കൽ | വികസന ഫണ്ട്- 1282500<br>ബ്ലോക്ക് പഞ്ചായത്ത് - 641250<br>ജില്ലാ പഞ്ചായത്ത് - 641250<br>ആകെ- 2565000 |
| ചെലവ് | വികസന ഫണ്ട്- 1144250<br>ബ്ലോക്ക് പഞ്ചായത്ത് - 543625<br>ജില്ലാ പഞ്ചായത്ത് - 543625<br>ആകെ-2231500 |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം ഒരു കുട്ടിക്ക് 28500/- രൂപയാണ് അനുവദിക്കേണ്ടത്.ഫയൽ പരിശോധിച്ചതിൽ നിന്നും 79 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. അപ്രകാരം ആകെ 22,51,500/- രൂപയാണ് നൽകേണ്ടിയിരുന്നത്.എന്നാൽ സുലേഖ ചെലവ് പത്രിക/ബിൽ എന്നിവ പരിശോധിച്ചതിൽ ആകെ 22,31,500/- രൂപയാണ്(20,000/- കുറവ്) രേഖപ്പെടുത്തി കാണുന്നത്. ഇത്തരത്തിൽ അപാകത വന്നതിനും, ടി പ്രോജക്റ്റിൽ ഓരോ കുട്ടിക്കും വിതരണം ചെയ്ത തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം-13 , തീയതി : 10.8.2023) 78 പേർക്കും 28500/- രൂപ വീതം നൽകിയിട്ടുണ്ടെന്നും , രണ്ട് കുട്ടികളുടെ പേരിലെ സാമ്യം കാരണം അതിലെ ഒരു കുട്ടിക്ക് 8500/- രൂപയാണ് നൽകിയതെന്നും ആയതിനാലാണ് ഇത്തരത്തിൽ വ്യത്യാസം വന്നതെന്നും, ഭാവിയിൽ ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കാമെന്നും വിശദീകരിച്ചിട്ടുണ്ട്.ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

## 1-28 അങ്കണവാടികൾ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങളിൽ പ്രവർത്തനമൊരുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

28.4.2022 ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യിലെ തീരുമാനം നം. 6 പ്രകാരം പട്ടക്കോണം അങ്കണവാടി ( 49), പാറയിൽ അങ്കണവാടി ( 33), 25.6.2022 ലെ വനിതാ വികസന വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപ്പെടുത്തിയ അങ്കണവാടികളായ 38,60,42 എന്നിവ നിലവിൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നും ആയതിനാൽ അടിയന്തിരമായി ഇടപെട്ട് തുർനടപടി സ്വീകരിക്കണമെന്ന് ജനറൽ കമ്മിറ്റിയോട് ശുപർശ ചെയ്യുന്നതിന് തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുന്നതിനായി 14.8.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-26 നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ , അങ്കണവാടി 49,33 എന്നിവ സ്വന്തമായി കെട്ടിടം ഉള്ളവയല്ലെന്നും ഇവ രണ്ടും ഫിറ്റിനസ് ലഭ്യമായ വാടകക്കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ടെന്നും, അങ്കണവാടി 38, 60 എന്നിവക്ക് സ്വന്തം കെട്ടിടമാണെന്നും എന്നാൽ ഇവക്ക് അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച ഉടനെ ഫിറ്റ്നസ് ലഭ്യമായ വാടകക്കെട്ടിടത്തിലേക്ക് മാറിയിട്ടുണ്ടെന്നും അങ്കണവാടി നം. 42 മെയിന്റെനൻസ് പ്രവൃത്തികൾ നടത്തിയശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി അവിടെ തന്നെ പ്രവർത്തിച്ച് വരുന്നതായും, നിലവിൽ എല്ലാ അംഗനവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാണെന്നും അറിയിച്ചിട്ടുണ്ട്. കുട്ടികളുടെ സുരക്ഷ അതീവ പ്രാധാന്യമായതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികളുടെ പ്രവർത്തനം നടത്തുവാൻ പാടില്ലാത്തതാകുന്നു. മോശപ്പെട്ട അവസ്ഥയിലുള്ള അങ്കണവാടികൾ ഉണ്ടെങ്കിൽ ആയവ പുനരുദ്ധാരണം നടത്തി ഭൗതികസാഹചര്യങ്ങൾ

മെച്ചപ്പെടുത്തണമെന്നും ഓഡിറ്റ് നിർദേശിക്കുന്നു. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-29 വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ പ്രോജക്ടുകളായി രൂപാന്തരപ്പെടുന്നില്ല.

പ്രാദേശിക സാമ്പത്തിക വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ 24.5.2022 ലെ മീറ്റിംഗിൽ ഉയർന്ന വന്നിട്ടുള്ള നിർദേശങ്ങളായ (വി.ഇ ഒ കൺവീനർ) Eco Friendly Autorikshaw, DTP സെന്റർ തുടങ്ങൽ, തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങൽ Etc), വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം, കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള കേന്ദ്രം തുടങ്ങിയവ പ്രോജക്ടുകളായി രൂപീകരിച്ചിട്ടില്ലെന്ന് 2022-23 ലെ സുലേഖ ചെലവ് പത്രികയിൽ നിന്നും കാണുന്നു. ആയതിന് കാരണം വ്യക്തമാക്കുന്നതിനായി 14.8.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നമ്പർ 27 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല- ചെലവു തുകയായ 49,58,000/- രൂപ തടസപ്പെടുത്തുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ട് ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പേര് | ഫണ്ട് | ചെലവ് |
|---|---|---|---|---|
| 1 | 119/22-23 | ലൈഫ് ഭവന പദ്ധതി-എസ്.സി.പി | വികസന ഫണ്ട്-എസ്.സി.പി, ബി.പി വിഹിതം | 12,60,000 |
| 2 | 84/22-23 | PMAY പഞ്ചായത്ത് വിഹിതം നൽകൽ -ജനറൽ | വികസന ഫണ്ട് | 12,60,000 |
| 3 | 85/22-23 | PMAY പഞ്ചായത്ത് വിഹിതം നൽകൽ -എസ്.സി.പി | വികസന ഫണ്ട്-എസ്.സി.പി, | 12,15,000 |
| 4 | 86/22-23 | ലൈഫ് എസ്.സി-അഡീഷണൽ ലിസ്റ്റ് എസ്.സി.പി, | വികസന ഫണ്ട്-എസ്.സി.പി, | 5,00,000 |
| 5 | 75/22-23 | ഊരുപൊയ്ക ലക്ഷംവീട് കോളനി-സമഗ്ര വികസനം | വികസന ഫണ്ട്-എസ്.സി.പി, | 4,08,000 |
| 6 | 76/22-23 | പെർഫോർമൻസ് ബെയ്സ്ഡ് ഇൻസെൻറീവ് ഗ്രാന്റ് വിനിയോഗം-നിർമ്മാണ പ്രവൃത്തികൾ ഒഴികെ | കേന്ദ്രാവിഷ്കൃത ഫണ്ട് | 3,15,000 |

ഫയലുകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് റിക്വസിഷൻ-1/ 11.8.2023 ഓഡിറ്റ് എൻക്വയറി നം.- 27/14.08.23 എന്നിവ നൽകിയിരുന്നു. എന്നാൽ തുടർന്നും ഫയലുകൾ ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ടി പ്രോജക്ടുകളിലെ ചെലവു തുകയായ 49,58,000/- രൂപയുടെ ചെലവുകൾ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-31 വാഹന കരാറുകാരന് അനുകൂലമായി ടെൻഡർ വ്യവസ്ഥകളിൽ മാറ്റം വരുത്തി- ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വാഹനം വാടകക്ക് എടുക്കൽ എന്ന പ്രോജക്ടിനെ സംബന്ധിക്കുന്ന അപാകതകൾ ചുവടെ പറയുന്നു.

പ്രോജക്ട് നം. 44/22-23- എ.ഇ ഓഫീസിലേക്ക് വാഹന വാടക, ചെലവ്- 1,89,760/-

29.12.2021 ലെ 3(1) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.പ്രദീഷ് എന്നയാൾക്ക് മാസം 1200 Km വാഹനം ഓടുന്നതിന് പ്രതിമാസം 22,500/- രൂപ നിരക്കിലും അധികം ഓടുന്ന ഓരോ കിലോമീറ്ററിനും 16/- രൂപ നിരക്കിലും കരാറിൽ ഏർപ്പെടുകയും 6.1.2022 മുതൽ 31.12.2022 വരെ കാലയളവിൽ ആകെ 1,89,760/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ടി കാലയളവിൽ മാസവും വാഹനം ഓടിയ കിലോമീറ്റർ (ലോഗ് ബുക്ക് പ്രകാരമുള്ളത്) ചുവടെ പറയുന്നു.

| മാസം | കിലോമീറ്റർ | മാസം | കിലോമീറ്റർ |
|---|---|---|---|
| 1/22 | 675 | 7/22 | 422 |
| 2/22 | 639 | 8/22 | 964 |
| 3/22 | 573 | 9/22 | 835 |
| 4/22 | 380 | 10/22 | 586 |
| 5/22 | 585 | 11/22 | 539 |
| 6/22 | 543 | 12/22 | 572 |

ശരാശരി പ്രതിമാസ യാത്ര - 609 Km

പ്രോജക്റ്റ് നം. 113/22-23- എ.ഇ ഓഫീസിലേക്ക് വാഹന വാടക, ചെലവ്- 74,434/-

ടി പ്രോജക്റ്റിലെ ടെൻഡർ വ്യവസ്ഥ പ്രകാരം പ്രതിമാസം 2000 Km വാഹനം ഓടുന്നതിന് നിരക്ക് ക്വാട്ട് ചെയ്യുന്നതിനാണ് ടെൻഡർ ക്ഷണിച്ചിരുന്നത്. ആയതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.പ്രദീഷ് എന്നയാൾക്ക് 2000 Km ന്പ്രതിമാസം 30,000/- രൂപ നിരക്കിലും അധികം ഓടുന്ന ഓരോ കിലോമീറ്ററിനും 20/- രൂപ നിരക്കിലും ഓടുന്നതിന് കരാർ ലഭിക്കുകയും, ടിയാന്റെ വാഹനം 3.1.2023 മുതൽ നിലവിലും ഓടുകയാണ്. ടി കാലയളവിൽ ഓരോ മാസവും വാഹനം ഓടിയ കിലോമീറ്റർ(ലോഗ് ബുക്ക് പ്രകാരമുള്ളത്) ചുവടെ പറയുന്നു.

| മാസം | കിലോമീറ്റർ |
|---|---|
| 1/23 | 803 |
| 2/23 | 626 |
| 3/23 | 732 |
| 4/23 | 625 |
| 5/23 | 914 |
| 6/23 | 588 |
| 7/23 | 656 |

ശരാശരി പ്രതിമാസ യാത്ര - 706 Km

അപാകത

പ്രതിമാസം 1200 Km വാഹനം ഓടുന്നതിനായി കരാർ ക്ഷണിച്ച 1/22 മുതൽ 12/22 വരെ കാലയളവിൽ വാഹനം കുറഞ്ഞ കിലോമീറ്റർ ഓടിയത് 2022ഏപ്രിൽ (380 Km ) മാസവും, കൂടുതൽ ദൂരം ഓടിയത് 2022ആഗസ്റ്റ് മാസവുമാണ് (964 Km). എന്നിട്ടും ടി കരാർ കാലാവധി കഴിഞ്ഞ് അടുത്ത ടെൻഡർ ക്ഷണിച്ച അവസരത്തിൽ 2000 Km പ്രതിമാസം ഓടുന്നതിനാണ് ടെൻഡർ ക്ഷണിച്ചത്. ഇതുവരെയുള്ള ലോഗ് ബുക്ക് രേഖകൾ പ്രകാരം ( 1/23- 7/23) വാഹനം കുറഞ്ഞ കിലോമീറ്റർ ഓടിയത് ജൂൺ (588 Km ) മാസവും, കൂടുതൽ ദൂരം ഓടിയത് 2023 മെയ് മാസവുമാണ് (914 Km).

ഇത്തരത്തിൽ 2022 ജനവരി മുതൽ 2022 ഡിസംബർ വരെയുള്ള കാലയളവിൽ ഒരു മാസം പോലും കരാർ വാഹനം കരാറിൽ ഉൾപ്പെടുത്തിയിരുന്ന 1200 Km ദൂരം ഓടാതിരിക്കെ, പ്രതിമാസം 2000 Km ഓടുന്നതിന് പുതിയ വ്യവസ്ഥ ഉൾപ്പെടുത്തി കരാർ ക്ഷണിച്ച് അധിക തുക അനുവദിക്കാനുണ്ടായതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം-18 , തീയതി : 10.8.2023) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, പതിനാലാം പഞ്ചവൽസര പദ്ധതി മാർഗരേഖയിൽ ഖണ്ഡിക 8.2(4) പ്രതിപാദിക്കുന്ന രീതിയിൽ പ്രതിമാസം 2000 Km ഓടുന്നതിനാണ് കരാർ ക്ഷണിച്ചതെന്ന് പറഞ്ഞിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15.10.2022 ന നടന്ന യോഗത്തിൽ ' പ്രതിമാസം പരമാവധി 36,000 രൂപയിൽ അധികരിക്കാതെ പരമാവധി 2000 Km ഓടുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറവ് ക്വാട്ട് ചെയ്യുന്ന വ്യക്തിയെ തിരഞ്ഞെടുക്കാവുന്നതാണെന്ന് ' സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ഇതിൽ പരമാവധി പരിധിയായി നിശ്ചയിച്ചിട്ടുള്ളത് 2000 Km ആണെങ്കിലും, സ്ഥാപനത്തിന്റെ ആവശ്യകതയനുസരിച്ച് കരാർ വാഹനത്തിന് ഓടാവുന്ന ദൂരം പരമാവധി പരിധിക്കുള്ളിൽ തന്നെ പരിമിതപ്പെടുത്താവുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2021-22 വർഷത്തിൽ ടെൻഡർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയ ദൂരം (1200 Km) ഒരു മാസവും പോലും കരാർ വാഹനം ഓടിയിട്ടില്ല എന്നിരിക്കെ, തൊട്ടടുത്ത വർഷത്തിൽ കരാർ ക്ഷണിച്ചപ്പോൾ ഒരു മാസം ഓടാനുള്ള ദൂരം കൂടുതലായി രേഖപ്പെടുത്തി ടെൻഡർ ക്ഷണിക്കുകയും അതിൻ പ്രകാരം കരാർ നൽകി കൂടുതൽ തുക കരാർകാരന് നൽകിയത് തെറ്റായ നടപടിയും ധനധൂർത്തും ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കരാറുകാരന് കൂടുതൽ തുക ലഭിക്കുന്നതിനായാണ് ടെൻഡർ വ്യവസ്ഥകളിൽ ഇത്തരത്തിൽ മാറ്റം വരുത്തിയതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. തുടർ വർഷങ്ങളിൽ കരാർ

ക്ഷണിക്കുമ്പോൾ സ്ഥാപനത്തിന്റെ ആവശ്യകതക്കനുസരിച്ച് മാത്രം കരാർ ക്ഷണിക്കണമെന്ന് ഓഡിറ്റ് നിർദേശിക്കുന്നു. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-32 മരാമത്ത് പ്രവൃത്തിയിൽ ഉയർന്ന നിരക്ക് നൽകിയത് മൂലം അധിക ചെലവുണ്ടായി-ഭാവിയിൽ പ്രവൃത്തികൾക്ക് ശരിയായ സ്പെസിഫിക്കേഷൻ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 49/22-23 ,പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രോജക്റ്റിൽ Front Door സ്ഥാപിക്കുന്ന പ്രവൃത്തിക്ക് DAR 10.16.1 പ്രകാരമുള്ള നിരക്കാണ് (168.81/kg) നൽകിയിരിക്കുന്നത്. പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | 49/22-23 ,പഞ്ചായത്ത് ഓഫീസ് നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ലാൽ ഡിംഗ |
| എം ബുക്ക് നം | 227/20-21, 8/22-23, 6/22-23, 7/22-23 |
| ക്വാട്ട് ചെയ്ത തുക | 0.01% Below , Cost Index 35.59% |
| ഫണ്ട്, അടങ്കൽ | Dev Fund General, 634254<br>Own Fund 325746<br>Total 960000 |
| ബിൽ നം | 242/27.12.2022, 634254/- |
| ക്വാട്ട് ചെയ്ത തുക | 801966.33/- |

19.7.2022 ലെ 2(5) നം തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.റിവൈസ്ഡ് എസ്റ്റിമേറ്റ് ഐറ്റം 5 പ്രകാരം മെയിൻ ഡോർ നിർമ്മാണത്തിന് 204.39 Kg GI പൈപ്പുകൾ ഉപയോഗിക്കുകയും ആയതിന് എം ബുക്ക് 7/22-23 പേജ് 5 പ്രകാരം Rs. 165/kg നിരക്കിൽ ആകെ 33,724.35/- രൂപ അനുവദിച്ചിട്ടുണ്ട്. DAR 10.16.1 ഇനം Tie Beam, Rafter,members.welding By Electric Plant എന്നിവ ഉൾപ്പെടെയുള്ള റൂഫിംഗ് പ്രവൃത്തികൾക്കാണ് ഉപയോഗിക്കുന്നത്. ഇവിടെ 10.25.2 In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works നിരക്ക് നൽകാമെന്നിരിക്കെ ഉയർന്ന Specification നൽകാനുള്ള കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (ഓഡിറ്റ് എൻക്വയറി നം.- 18, തീയതി : 10.8.2023). ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ഉദ്യോഗസ്ഥർക്കുള്ള ക്യാബിൻ നിർമ്മിക്കുന്നതിന് സമാനമായ പ്രവൃത്തിയിൽ 10.16.1 എന്ന Specification ആവശ്യമാണെന്നും 10.25.2 എന്ന Specification അപര്യാപ്തമാണെന്നും അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഓഫീസിന്റെ ഫ്രണ്ട് ഡോർ നിർമ്മാണത്തിനും ഇതേ നിരക്കാണ് ഉപയോഗിച്ചിട്ടുള്ളത്. Built Up Section റൂഫിംഗ് പ്രവൃത്തികൾക്കാണ് 10.16.1 എന്ന Specification അനുവദനീയമായിട്ടുള്ളത്.

DAR സ്പെസിഫിക്കേഷനിൽ 10.16.1 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete.

10.16.1 Hot Finished Welded Type Tubes എന്ന് പറയുന്നു.

ഇതിൽ ചുവടെ പറയുന്ന ഐറ്റംസ് ഉൾപ്പെടുന്നുണ്ട്.

Details Of Cost For A Truss Of Span 8 Metre Weight = 119 Kg.

Welding Charges:-

Rafter:- 4x22/7x6.03 = 75.80cm.+

Ties:- 2x22/7x6.03=37.90cm.+

Members:- 2x4x2x22/7x4.83=242.87cm

Total= 356.57cm Say 357cm

Welding By Electric Plant

എന്നാൽ DAR സ്പെസിഫിക്കേഷനിൽ 10.16.1 ൽ വിവരിക്കുന്ന ഐറ്റംസ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തിയല്ല ഇവിടെ നടന്നതെന്ന് എംബുക്കിൽ നിന്നും വ്യക്തമാണ്. ആയതിനാൽ ടി പ്രവൃത്തിയിൽ 10.16.1 നിരക്ക് നൽകിയത് അധിക ചെലവ് ഉണ്ടാക്കുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പ്രതിപാദിച്ച ഐറ്റംസ് ഉപയോഗിക്കാത്തതിനെക്കുറിച്ച് മറുപടിയിൽ വിശദീകരണം നൽകിയിട്ടില്ല. ഭാവിയിൽ ഇത്തരം നിർമ്മാണ

പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ ശരിയായ സ്പെസിഫിക്കേഷൻ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 റോഡ് കോൺക്രീറ്റിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി-ഭാവിയിൽ അപാകത ഒഴിവാക്കേണ്ടതാണ്

പ്രോജക്റ്റ് നം. 162/22-23- പ്രോജക്റ്റ് നം162/22-23, പൂവണത്തുമ്മൂട് നെടുമ്പറമ്പ് റോഡ് നവീകരണം

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പൂവണത്തുമ്മൂട് നെടുമ്പറമ്പ് റോഡ് നവീകരണം എന്ന പ്രവൃത്തിയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | 162/22-23, പൂവണത്തുമ്മൂട് നെടുമ്പറമ്പ് റോഡ് നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | സജീവ് കുമാർ |
| എം ബുക്ക് നം | ഇ എം ബുക്ക് |
| ക്വാട്ട് ചെയ്ത തുക | 7,56,189.39, Cost Index 35.59% |
| ഫണ്ട് | MF(Road) |
| ബിൽ നം | 400/6.3.2023, 8,50,000/- |

റോഡ് കോൺക്രീറ്റ് പ്രവർത്തിയാണ് ടി പ്രോജക്റ്റിൽ നിർവ്വഹിച്ചിരിക്കുന്നത്. ടി പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിൽ, ഏകദേശം 70 M നീളത്തിൽ ഒരു മതിൽ വരുന്നതിനാൽ, അത്രയും നീളം മതിലിനോട് ചേർന്ന് റോഡിന്റെ ഒരു വശത്ത് ഫോംവർക്ക് ഉൾപ്പെടുത്താതെ പ്രവർത്തി നിർവ്വഹിച്ചിരിക്കുന്നതായി 14.8.2023 ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് ഐറ്റം 1.002 പ്രകാരം (Spec 75.8.1 ) 85.010 $M^3$ അളവിൽ കോൺക്രീറ്റ് ചെയ്തതിന് 8721.3/$m^3$ രൂപ നിരക്കിൽ ആകെ 7,41,397.71/- രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റിന് നൽകിയ നിരക്കിൽ ഫോംവർക്ക് ഉൾപ്പെടുത്താതെ പ്രവൃത്തി നിർവ്വഹിച്ച അളവ് കുറവ് ചെയ്യാതെ ടി നിരക്ക് തുക അനുവദിക്കാനുള്ള കാരണം എന്നിവക്ക് മറുപടി ലഭ്യമാക്കുന്നതിനായി 14.8.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 28 നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തി സ്ഥലത്ത് ഏകദേശം 70m നീളത്തിൽ ഒരു റോഡ് വരുന്നതിനാൽ അത്രയും നീളത്തിൽ മതിലിനോട് ചേർത്ത് കോൺക്രീറ്റ് ചെയ്യേണ്ടി വന്നവെന്നും, അപ്രകാരം ചെയ്തില്ലെങ്കിൽ വെള്ളം ഇറങ്ങി മതിലിന് ബലക്ഷയം വരുമെന്നും ഗതാഗത തടസം ഒഴിവാക്കുന്നതിനായി സ്ഥലവാസികളുടെ അഭ്യർത്ഥനകണക്കിലെടുത്ത് ഒരു വശം മതിലിനോട് ചേർത്ത് ചെയ്തതാണെന്നും അറിയിച്ചിട്ടുണ്ട്. അപ്രകാരമാണെങ്കിൽ കൂടി ഫോംവർക്ക് ഒഴിവാക്കിയ സ്ഥലം കണക്കാക്കി ഫോംവർക്ക് നിരക്ക് ഒഴിവാക്കി തുക അനുവദിക്കാമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടി പ്രവൃത്തിയിൽ റോഡിന്റെ ഒരു വശത്ത് ഫോം വർക്ക് ഉൾപ്പെടുത്തേണ്ട ആവശ്യമില്ലായിരുന്നുവെങ്കിൽ, ആയതിന്റെ നിരക്ക് കുറച്ചുള്ള തുക കരാറുകാരന് നൽകിയിൽ മതിയാകുമായിരുന്നു.ഇത്തരത്തിൽ ഫോം വർക്ക് ഒഴിവാക്കിയ തുക അനുവദിക്കാത്തതിനാൽ, കരാറുകാരന് അധികം തുക നൽകയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് | തുക | ബിൽ നം./ തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | Proj.198. IKM-ന് വിഹിതം നൽകൽ | 1,20,828 Own | ചെ.നം. 6899740 30.08.22 Vr.No22200351Dt.01.09.22 | IKM |
| 2 | Proj. 114 സുരക്ഷ -ബ്ളോക്ക് വിഹിതം നൽകൽ | 2,00,000 Dev Fund | 107/24.9.22 | ചിറയിൻകീഴ് ബ്ളോക്ക് പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 3 | പ്രോജക്ട് നം.226 ആശ്വാസ് - ഡയാലിസിസ് പ്രോജക്ട് | 1,44,000 (Dev.Fund) | 527/28.3.23 | തിരുവനന്തപുരം ജില്ലാപഞ്ചായത്ത് |
| 4 | Proj.216-സ്ട്രീറ്റ് മെയിൻ – എക്സ്റ്റെൻഷൻ വാർഡ് 10 | 139122 (CFC) | 324/2.2.23 | KSEB |
| 5 | Proj 214-സ്ട്രീറ്റ് മെയിൻ – എക്സ്റ്റെൻഷൻ വാർഡ് 1 | 99002 (CFC) | 326/2.2.23 | KSEB |
| 6 | Proj 217. സ്ട്രീറ്റ് മെയിൻ -11 എക്സ്റ്റെൻഷൻ | 149978 (CFC) | 325/2.2.23 | KSEB |
| 7 | Proj 1. സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 198358 (CFC) 107518 (Own) 290142 (CFC) | 258/4.1.23 ചെ.നം. 727753 16.02.23 Vr.No.22200803 Dt.17.02.23 327/2.2.23 | KSEB |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-35 ആശ്വാസ് - ഡയാലിസിസ് പ്രോജക്ട് - മാർഗ്ഗനിർദ്ദേശത്തിന് വിഭിന്നമായി പ്രോജക്ട് നിർവ്വഹിച്ചു

പ്രോജക്ട്നം : നം.236/23 ആശ്വാസ് - ഡയാലിസിസ് രോഗികൾക്ക് ചികിത്സാസഹായം നൽകുന്നതിന് - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ

അടങ്കൽ : വികസന ഫണ്ട് 1,44,000

ചെലവ് 1,44,000
നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

വൃക്ക രോഗികൾക്ക് ഡയാലിസിസിന് സഹായം നൽകുന്നതിനായി ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടിനായി പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/22/ത.സ്വ.ഭ.വ. ഖ.7.6.7 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മേൽ വിഷയത്തിൽ പ്രോജക്ട് ആവശ്യമെങ്കിൽ, ബ്ളോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി, സംയുക്ത പ്രോജക്ടായി രൂപീകരിക്കുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രോജക്ട് രൂപീകരിക്കാത്തതിന് കാരണം വിശദമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 20/13.08.23)

2. മുദാക്കൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് ജില്ലാ പഞ്ചായത്തിന് കൈമാറിയ മേൽ പ്രോജക്ടിനായുള്ള ഗുണഭോക്താക്കളുടെ വിശദാംശം. യോഗ തീരുമാനത്തിന്റെ പകർപ്പ് എന്നിവ ലഭ്യമല്ല.

3. പ്രോജക്ടിനായി തുക വകയിരുത്തിയതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 20/13.08.23)

4. മുൻ വർഷങ്ങളിൽ ഇതേ പ്രോജക്ടിനായി തുക കൈമാറിയിട്ടുണ്ടെങ്കിൽ, തുകയുടെ ചെലവ് വിവരം, തുക ബാക്കി നിൽപുണ്ടെങ്കിൽ വിശദാംശം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 20/13.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

5. ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. വൃക്ക രോഗികൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടത്തിപ്പിൽ ത.സ്വ.ഭ.വ (ഡി.എ) വകുപ്പിന്റെ 18.09.2022 ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/13.08.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ, മാർഗ്ഗനിർദ്ദേശം പാലിച്ച് പ്രോജക്ട് രൂപീകരിക്കുന്നതിനും പഞ്ചായത്തിന കീഴിൽ അർഹതപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 1-36 തദ്ദേശഭരണ സ്ഥാപനതല കായിക വികസനം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു-27545/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് : 196 - തദ്ദേശഭരണ സ്ഥാപനതല കായിക വികസനം

അടങ്കൽ : വികസന ഫണ്ട് 30,000

ചെലവ് 27,545

| തുക | | ബിൽ നം. |
|---|---|---|
| 15050 | – | 226/15.12.22 |
| 12495 | - | 425/16.03.23 |

നിർവ്വഹണം – സെക്രട്ടറി

1. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/22/ത.സ്വ.ഭ.വ. ഖ7.7.1 പ്രകാരം യുവജന ക്ളബുകളിൽ നിന്നും വോളിബാൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ഇനങ്ങളിൽ ടീം രൂപീകരിച്ച് സ്ഥാപന തലത്തിൽ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതുണ്ട്. ഇതിനായി ഓരോ ഗെയിമിനത്തിനും 30,000/- രൂപ ചെലവ് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരമുള്ള ആകെ അടങ്കൽ 30,000/- രൂപ മാത്രമാണ്.

2. ഗെയിം നടത്തിയത് സാധൂകരിക്കുന്ന രേഖകൾ (ഉദാ. നോട്ടീസ്, മത്സരം സംഘടിപ്പിച്ച കായിക ഇനങ്ങൾ, സംഘടിപ്പിച്ച സ്ഥലം, തീയതി, പങ്കെടുത്ത ടീമുകൾ, നൽകിയ പരിശീലനം തുടങ്ങിയ) വിശദാംശങ്ങൾ ലഭ്യമല്ല.

3. പഞ്ചായത്ത് തലത്തിൽ വിവിധ കായിക ഇനങ്ങളിൽ തെരഞ്ഞെടുത്ത ടീമുകളുടെ വിശദാംശം ലഭ്യമല്ല

4. ഖ7.7.1 -പ്രകാരം ടീമുകളിൽ പഞ്ചായത്ത് തല തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21 /11.08.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചതായോ ചെലവഴിച്ച തുക ലക്ഷ്യപ്രാപ്തി കൈവരിച്ചതായോ രേഖകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ചെലവ് തുക (27,545 /-) തടസ്സം ചെയ്യുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3083208 | 1323317 | കേദാരം - സമഗ്ര നെൽകൃഷി വികസനം രണ്ടാം വിള | 8500 | |
| | | | | കേദാരം - സമഗ്ര നെൽകൃഷി വികസനം ഒന്നാം വിള | 95625 | 3083208 |
| | | | | ലൈഫ് ഭവൻ പദ്ധതി എസ്.സി.പി | 300000 | |
| | | | | അംഗൻവാടി പോഷകാഹാരം | 100000 | |
| | | | | സ്നേഹസ്പർശം | 543625 | |
| | | | | പാലിന് സബ്സിഡി | 275567 | |
| ആകെ | | 3083208 | 1323317 | | 1323317 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1392521 | 753750 | കേദാരം - സമഗ്ര നെൽകൃഷി വികസനം രണ്ടാം വിള | 8500 | |
| | | | | ഹരിതഭവനം | 56000 | |
| | | | | കേദാരം - സമഗ്ര നെൽകൃഷി വികസനം ഒന്നാം വിള | 95625 | |
| | | | | ന്യൂലൈഫ് ജനറൽ | 185000 | |
| | | | | സ്നേഹസ്പർശം | 543625 | |
| | | | | പാലിന് സബ്സിഡി | 50000 | |
| | | | | | | |
| ആകെ | | 1392521 | 753750 | | 938750 | 1207521 |
| കോർപ്പറേഷൻ | | 4200000 | | | | 4200000 |

സംയുക്ത പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 1207521/- രൂപയാണ്. എ.എഫ്.എസിൽ ബാലൻസ് ഷീറ്റ് B4 ൽ 1392521/- രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുന്നിരിപ്പ് | മുൻകൂർ നൽകിയ തുക | യു.സി ലഭിച്ചത് | ബാക്കി യുള്ള തുക | മുന്നിരിപ്പ് ഉൾപ്പെടെ ആകെ ബാക്കി |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | | 596018 | | 596018 | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ വാർഡ് 1 | | 99002 | | 99002 | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ | | 139122 | | 139122 | |

| | | | | | | |
|---|---|---|---|---|---|---|
| | എക്സ്റ്റൻഷൻ വാർഡ് 10 | | | | | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ വാർഡ് 11 | | 149978 | | 149978 | |
| കേരള വാട്ടർ അതോറിറ്റി | | 8748977 | | | | 8748977 |
| ഗ്രൗണ്ട വാട്ടർ അതോറിറ്റി | | 130558 | | | | 130558 |

കെ.എസ്.ഇ.ബി യിൽ തൻവർഷം ഡെപ്പോസിറ്റ് ചെയ്ത പദ്ധതികൾക്ക് യു.സി.ലഭിച്ചിട്ടില്ല. ആയതിനാൽ മുന്നിരിപ്പ് ഉൾപ്പെടെ 3975859/- രൂപ ഡെപ്പോസിറ്റായി അവശേഷിക്കുന്നു. വാർഷികധനകാര്യ പത്രികയിൽ ബി18 ഷെഡ്യൂളിൽ 2991739/- രൂപ മാത്രമാണ് ഡെപ്പോസിറ്റായി അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്ര കാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| ലൈഫ് ലോൺ | - | 15259719 | NIL | 1609748 | 13649971 |

വായ്പാ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വായ്പാ ഇനത്തിലുള്ള കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. ലൈഫ് ലോൺ മുന്നിരിപ്പ് 15259719/ രൂപ തൻവർഷം വായ്പാ ഇനത്തിൽ വരവില്ല. തൻവർഷം തിരിച്ചടവ് 1609748/- രൂപ, ഇപ്രകാരം കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് തുക 13649971/- രൂപയാണ് വരേണ്ടത്. എന്നാൽ 2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക B5ഷെഡ്യൂളിൽ ബാലൻസ് തുക 13951386/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. 301415/- രൂപയുടെ വ്യത്യാസം വിശദമാക്കിയിട്ടില്ല. വ്യത്യാസത്തിനുള്ള കാരണം ഓഡിറ്റിൽ വിശദമാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| FD നമ്പർ | തുക | പലിശ നിരക്ക് | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | ലഭ്യമല്ല | ലഭ്യമല്ല | 821 | സത്യനാഥ്, എ.ഇ, എൽ.എസ്.ജി.ഡി, മുദാക്കൽ | 1220200549 തീയതി 20.09.2022 |

പ്രസ്തുത തുക ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| ഇല്ല | | | | |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 40597517 |
| ഓഡിറ്റ് വർഷത്തെ വരവ് | 46290718 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 46669823 |
| നീക്കിയിരിപ്പ് | 40218412 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5835436 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 587730 | ഡോ. പ്രദീപ് കുമാർ.മെഡിക്കൽ ഓഫീസർ, FHC |
| 1-18 | 73526 | ഡോ. വിനീത എൻ. മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-23 | 1,88,635 | ശ്രീ.ശ്യാമപ്രസാദ്.എസ്.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 49,58,000 | ശ്രീ.സുബിൻ സുകുമാരൻ ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-36 | 27,545 | ശ്രീമതി. അനില കുമാരി കെ.പി., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ.പ്രദീപ് കുമാർ മെഡിക്കൽ ഓഫീസർ, FHC | അസി.സർജൻ, FHC മുദാക്കൽ | കോയിക്കൽ പുത്തൻവീട്, നെല്ലനാട് PO, വാമനപുരം |
| ഡോ. വിനീത എൻ മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, മുദാക്കൽ ഗ്രാമ പഞ്ചായത്ത് | ശിവദം, 37/5 ARA, ചെമ്പഴന്തി PO,തിരുവനന്തപുരം. |
| ശ്രീമതി.അനില കുമാരി കെ.പി. സെക്രട്ടറി | സെക്രട്ടറി, മുദാക്കൽ ഗ്രാമ പഞ്ചായത്ത് | സ്വാതി, നെല്ലിമൂട്, മുരുക്കുംപുഴ പി.ഒ |
| ശ്രീ.ശ്യാമപ്രസാദ്. എസ് എസ് അസിസ്റ്റന്റ് സെക്രട്ടറി | - | പടിഞ്ഞാറ്റതിൽ വീട്,പാറക്കൽ, വെഞ്ഞാറമൂട് |
| ശ്രീ സുബിൻ സുകുമാരൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | - | സുജഭവൻ, ചെറുവക്കൽ,ശ്രീകാര്യം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1802/2022 തീയതി: 07/10/22 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1802/2022 തീയതി: 07/10/22 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1802/2022 തീയതി: 07/10/22 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1802/2022 തീയതി: 07/10/22 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1802/2022 തീയതി: 07/10/22 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1802/2022 തീയതി: 07/10/22 | 2 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജിപി12 /1802/2022 തീയതി: 07/10/22 | 10 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജിപി8 /315/2019 തീയതി: 03/04/2019 | 18 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജിപി8 /1158/2019 തീയതി: 17/08/2019 | 43 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജിപി10 /1749/2021 തീയതി: 12/01/2022 | 28 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജിപി10/107 /2022 തീയതി: | 31 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജിപി12/361 /2023 തീയതി: | 27 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mudakkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mudakkal Grama Panchayat for the year 2022-2023

Date: 16/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Mudakkal Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. All statements prescribed in accounting rules were not included in annual financial statement.

eg. ratios , comments relating to notes.

2. Bank reconciliation statement of IOB and SBI ,Closing balance of bank book and passbook were reconciled by cheque deposited but not collected .

3. The amount of KURDFC loan repayment in sulekha expenditure statement not matches with that of Annual Financial statement.

4. In Receipt & payment schedule RP 40(b) shows balance of Rs.153700/- in sub treasury (79901290000319) account. Account Statement, Bank Book and Reconciliation Statement not produced.

5. Advance amounts remaining unadjusted for the financial year 2021-22 have not been adjusted for the financial year 2022-23.

6. The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

7. The opening balance of District Panchayat share is Rs.1392521/-, Receipt is Rs.753750/- and payment is Rs.938750/-.As per these values, the closing balance should be 1207521/-. But in balance sheet B4 schedule the balance is recorded as Rs.1392521/-.

8) Misclassification of payment voucher. The amount deposited with KSEB is not included in the B-18 schedule.

9) In the MGNREGS cash book the administrative expenditure is Rs.2034461/- and in the annual financial statement the administrative expenditure is Rs.2035403/-.

10) Information of overdue deposits and action taken to credit the same to the Panchayat Fund have not been made available in the deposits recorded in Schedule B-7.

11) Net increase / decrease in cash flow does not match with the difference between the opening balance of cash and cash equivalents.

12) Lapses in making timely and accurate demand entries in respect of tax and non tax revenue.

13) No action has been taken to realize the amounts under the Liability head in respect of Stale cheques.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്